പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1176.

20.1.2014 -ൽ
മറുപടിയ്ക്ക്

## കോളേജുകൾക്ക് സ്വയംഭരണാധികാരം

| ചോദ്യം<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ. | മറുപടി<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കോളേജുകൾക്കാണ് സ്വയംഭരണാധികാരം നൽകിയതെന്ന് വെളിപ്പെടുത്താമോ ; | (എ) സംസ്ഥാനത്തെ 13 ആർട്സ് & സയൻസ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനായി യു.ജി.സിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ എത്ര സർക്കാർ കോളേജുകളും എത്ര എയ്ഡഡ് കോളേജുകളുമുണ്ടെന്ന് വെളിപ്പെടുത്താമോ ;<br>(സി) ഓരോ എയ്ഡഡ് കോളേജിന്റെയും പേരും മാനേജുമെന്റുകൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ ; | (ബി) & (സി) യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, മഹാരാജാസ് കോളേജ് , എറണാകുളം എന്നീ രണ്ട് സർക്കാർ കോളേജുകൾക്കും പതിനൊന്ന് എയ്ഡഡ് കോളേജുകൾക്കും സ്വയംഭരണാവകാശം നൽകുന്നതിനായി യു.ജി.സിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജുകളുടെ പേരും മാനേജ്മെന്റ് സംബന്ധിച്ച വിവരവും ചുവടെ ചേർക്കുന്നു.<br>1.മാർ ഇവാനിയോസ് കോളേജ്,തിരുവനന്തപുരം.-മലങ്കര സിറിയൻ കത്തോലിക്ക സഭ,തിരുവനന്തപുരം മേജർ ആർച്ച് ഡയോസിസ്.<br>2.ഫാത്തിമ മാതാ നാഷണൽ |

കോളേജ്,കൊല്ലം. - റോമൻ

കത്തോലിക്ക സഭ, കൊല്ലം

ഡയോസിസ്.

3.സെന്റ് ബെർക്ക്മാൻസ്

കോളേജ്, ചങ്ങനാശ്ശേരി- റോമൻ

കത്തോലിക്ക സഭ, ചങ്ങനാശ്ശേരി

ആർച്ച് ഡയോസിസ്.

4.സെന്റ് തെരേസാസ് കോളേജ്,

എറണാകുളം - കാർമലൈറ്റ് സിസ്റ്റേഴ്സ്

ഓഫ് സെന്റ് തേരേസ.

5.സേക്രട്ട് ഹാർട്ട് കോളേജ്,തേവര,

എറണാകുളം. - സി.എം.ഐ സഭ.

6.രാജഗിരി കോളേജ് ഓഫ്

സോഷ്യൽ

സയൻസസ്,എറണാകുളം.-

സി.എം.ഐ സഭ.

7.ക്രൈസ്റ്റ് കോളേജ്,

ഇരിഞ്ഞാലക്കുട.-സി.എം.ഐ സഭ.

8.സെന്റ് തോമസ് കോളേജ്,തൃശ്ശൂർ.-

സീറോ മലബാർ സഭ, തൃശ്ശൂർ ആർച്ച്

ഡയോസിസ്.

9.എം.ഇ.എസ് കോളേജ്, മമ്പാട്.-

മുസ്ലീം എഡ്യൂക്കേഷണൽ

സൊസൈറ്റി.

10.ഫറോക്ക് കോളേജ്,

കോഴിക്കോട്.- റൗസത്തുൽ ഉലൂം

അസോസിയേഷൻ

11.സെന്റ് ജോസഫസ്

കോളേജ്,ദേവഗിരി,കോഴിക്കോട്.-

സി.എം.ഐ സഭ.

| | | | |
|---|---|---|---|
| (ഡി) | ഇവയിൽ എത്ര കോളേജുകളിൽ ഗവേണിംഗ് ബോഡി രൂപീകരിച്ചെന്ന് വിശദമാക്കാമോ ; | (ഡി) & (ഇ) | യു.ജി.സിയിൽ നിന്നും സ്വയംഭരണാവകാശം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമാണ് ഈ കോളേജുകളിൽ ഗവേണിംഗ് കൗൺസിൽ രൂപീകരിക്കുന്നത്. ഗവേണിംഗ് കൗൺസിലിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്. |
| (ഇ) | ഓരോ കോളേജിന്റെയും ഗവേണിംഗ് ബോഡിയിൽ ആരൊക്കെയോണ് പ്രതിനിധികളെന്നും ഇവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും വിശദമാക്കാമോ ? | | |

<u>സർക്കാർ കോളേജ്</u>

1. പരിചയ സമ്പന്നനും പ്രഗത്ഭനുമായ ഒരു പ്രമുഖ അക്കാദമിക് വിദഗ്ധൻ...ചെയർമാൻ
2. കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ അല്ലെങ്കിൽ ഉന്നത്വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ... മെമ്പർ
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിക്കുന്ന പ്രസ്തുത കോളേജിലെ വിവിധ വകുപ്പുകളിൽ നിന്നുള്ള ഏറ്റവും സീനിയറായ പി.എച്ച്.ഡി യോഗ്യതയുള്ള മൂന്ന് അദ്ധ്യാപകർ....മെമ്പർമാർ
4. സർവ്വകലാശാല വൈസ് ചാൻസലർ നിർദ്ദേശിക്കുന്ന പ്രൊഫസ്സർ റാങ്കിൽ കുറയാത്ത ഒരു പ്രതിനിധി... മെമ്പർ
5. യു.ജി.സി പ്രതിനിധി...മെമ്പർ
6. കോളേജ് പ്രിൻസിപ്പൽ...എക്സ് ഒഫീഷ്യോ സെക്രട്ടറി

<u>എയ്ഡഡ് കോളേജ്</u>

1.കോളേജ് മാനേജർ നിർദ്ദേശിക്കുന്ന പരിചയ സമ്പന്നനും പ്രഗത്ഭനുമായ ഒരു മുതിർന്ന അക്കാദമിക് വിദഗ്ധൻ...ചെയർമാൻ

2. കോളേജ് മാനേജർ നിർദ്ദേശിക്കുന്ന അസോസിയേറ്റ് പ്രൊഫസ്സറുടെ റാങ്കിൽ കുറയാത്ത പ്രസ്തുത കോളേജിലെ വിവിധ വകുപ്പുകളിൽ നിന്നുള്ള സീനിയറായ മൂന്ന് അദ്ധ്യാപകർ....മെമ്പർമാർ

3. സർവ്വകലാശാല വൈസ് ചാൻസലർ നിർദ്ദേശിക്കുന്ന പ്രൊഫസ്സർ റാങ്കിൽ കുറയാത്ത ഒരു പ്രതിനിധി... മെമ്പർ

4.യൂ.ജി.സി പ്രതിനിധി...മെമ്പർ
5.സർക്കാർ നിർദ്ദേശിക്കുന്ന സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രതിനിധി...മെമ്പർ
6.കോളേജ് പ്രിൻസിപ്പൽ...എക്സ് ഒഫിഷ്യോ സെക്രട്ടറി

സെക്ഷൻ ഓഫീസർ.